(സി) ഘടനയും പ്രവർത്തനവും സംബന്ധിച്ച ബില്ലിലെ വ്യവസ്ഥകൾ വിശദമാക്കാമോ ;

(ഡി) ഉല്പാദന വിതരണ രംഗത്ത് ഇലക്ട്രിസിറ്റി ബോർഡ് ഇപ്പോൾ അനുഭവിച്ചുവരുന്ന എന്തെല്ലാം പ്രത്യേക അവകാശ അധികാരങ്ങൾ ഇല്ലാതാവുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് വിശദ വിവരം നൽകുമോ ?

ഉത്തരം

(എ) കേന്ദ്ര ഇലക്ട്രിസിറ്റി ആക്ട് 10-6-2003 മുതൽ പ്രാബല്യത്തിലായിട്ടുണ്ട്. ടി ആക്ടിനെ സംബന്ധിച്ച് വിശദമായ പഠനം നടന്നുവരുന്നു.

(ബി&സി) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 172 പ്രകാരം സംസ്ഥാന വൈദ്യുതി ബോർഡുകൾക്ക് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും ലൈസൻസിയായും ഒരു വർഷത്തേക്ക് തുടരുവാൻ സാധിക്കും. കൂടാതെ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ചേർന്ന് തീരുമാനിക്കുന്ന പക്ഷം ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായോ അഥവാ ലൈസൻസിയായോ ഒരു വർഷത്തിന് ശേഷവും തുടരുന്നതിന് സംസ്ഥാന വൈദ്യുതി ബോർഡിനെ അനുവദിക്കാൻ സംസ്ഥാന സർക്കാരിന് കഴിയും. സെക്ഷൻ 131 പ്രകാരം സംസ്ഥാന സർക്കാരിന് ഒരു ട്രാൻസ്ഫർ സ്കീം മുഖേന ബോർഡിന്റെ വസ്തുവകകളും അതിൻമേലുള്ള അവകാശങ്ങളും ബാദ്ധ്യതകളും സർക്കാരിൽ നിക്ഷിപ്തമാക്കാവുന്നതും അങ്ങനെ നിക്ഷിപ്തമാക്കുന്ന അവകാശങ്ങളും ബാദ്ധ്യതകളും ഒരു സർക്കാർ കമ്പനിയിലേക്കൊ കമ്പനികളിലേയ്ക്കോ ട്രാൻസ്ഫർ സ്കീമിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം കൈമാറാവുന്നതാണ്. അങ്ങനെ ഉണ്ടാകുന്ന ട്രാൻസ്ഫർ സ്കീമിൽ സബ്സിഡിയറി കമ്പനികളും രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്യാവുന്നതുമാണ്. സെക്ഷൻ 14 പ്രകാരം വൈദ്യുതി പ്രസരണം, വിതരണം, വിപണനം എന്നിവയ്ക്ക് ലൈസൻസ് ആവശ്യമാണെങ്കിലും നിലവിലുള്ള ബോർഡിനും ട്രാൻസ്ഫർ സ്കീം മുഖേന രൂപീകൃതമാകുന്ന സർക്കാർ കമ്പനികൾക്കും പുതുതായി ലൈസൻസ് ആവശ്യമില്ല.

(ഡി) മറുപടി അനുബന്ധമായി ചേർക്കുന്നു.*

പത്താം പഞ്ചവത്സര പദ്ധതിയിൽ ഊർജ്ജ മേഖലയ്ക്ക് വകയിരുത്തിയ തുക

2 (4610) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. വി. ജയരാജൻ :
ഡോ. തോമസ് ഐസക് :
ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം പഞ്ചവത്സര പദ്ധതിയിൽ ഊർജ്ജ മേഖലയ്ക്ക് എന്തു തുക വകയിരുത്തിയിട്ടുണ്ട് ; ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പത്താം പദ്ധതിയുടെ ഒന്നാം വാർഷിക പദ്ധതിയിൽ എന്തു തുക വകയിരുത്തുകയുണ്ടായി ; പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു ;

(സി) ഒന്നാം വാർഷിക പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണ് ;

(ഡി) കെ. എസ്. ഇ. ബി., അനെർട്ട്, ഇ. എം. സി., മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ് ലബോറട്ടറി എന്നീ മേഖലകളിലായി മൊത്തം വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വിശദമാക്കാമോ ;

(ഇ) പത്താം പഞ്ചവത്സര പദ്ധതി കാലത്ത് വൈദ്യുത ഉല്പാദനത്തിനുള്ള സ്ഥാപിത ശേഷി എത്ര മെഗാവാട്ടായി വർദ്ധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(എഫ്) ഒന്നാം വാർഷിക പദ്ധതിക്കാലത്ത് ആനുപാതിക വർദ്ധന ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) പത്താം പഞ്ചവത്സര പദ്ധതിയിൽ ഊർജ്ജ മേഖലയ്ക്ക് 3425 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പത്താം പഞ്ചവത്സര പദ്ധതിയിൽ ഊർജ മേഖലയിലെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. ഉല്പാദന മേഖല :

440.35 മേഗാവാട്ട് ശേഷിയുള്ള വിവിധ ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

കൂടാതെ 161 മെഗാവാട്ട് ശേഷി പ്രതീക്ഷിക്കുന്ന '61' ചെറുകിട ജല വൈദ്യുത പദ്ധതികളും സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് ശ്രമം നടന്നുവരുന്നു.

2. പ്രസരണ മേഖല :

പ്രസരണ മേഖലയിൽ പതിനാറ് 220 കെ. വി. നൂറ്റി ഇരുപത്തി മൂന്ന് 110 കെ. വി., ഇരുപത്തി രണ്ട് 66 കെ. വി., നൂറ്റി പതിനെട്ട് 33 കെ. വി. സബ് സ്റ്റേഷനുകളും അനുബന്ധ ലൈനുകളും പത്താം പദ്ധതിയിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

3. വിതരണ മേഖല :

ഇരുപത് ലക്ഷം സർവ്വീസ് കണക്ഷനുകൾ നൽകാനും, 9,500 കി. മീ. 11 കെ. വി. ലൈൻ വലിക്കുവാനും, 27,500 കി.മീ. എൽ. റ്റി. ലൈൻ വലിക്കുവാനും 10,000 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനും ലക്ഷ്യമിട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. <u>വൈദ്യുതി വിതരണം, പ്രസരണം രംഗം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ :</u>

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്താനും നവീകരിക്കാനുമായി മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കി വരുന്നു. 550 എം. വി. എ. ആർ. കപ്പാസിറ്ററുകൾ സ്ഥാപിക്കാനും ലക്ഷ്യമിട്ടിരിക്കുന്നു.

5. സംസ്ഥാനത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിലേക്കായി പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനായി പദ്ധതികളുടെ സർവ്വേയും അന്വേഷണവും നടന്നു വരുന്നു. 8 പുതിയ പദ്ധതികളുടെ സർവ്വേയും അന്വേഷണവും പുരോഗമിച്ചു വരുന്നു.

6. സംസ്ഥാനത്തെ പഴക്കംചെന്ന ജലവൈദ്യുത പദ്ധതികളായ പൊരിങ്ങൽകുത്ത്, നേരിയമംഗലം, ശബരിഗിരി, ഷോളയാർ, ചെങ്കുളം, പന്നിയാർ, പള്ളിവാസൽ എന്നിവയുടെ നവീകരണവും ശേഷി വർദ്ധിപ്പിക്കൽ എന്നിവയും പത്താം പദ്ധതിക്കാലത്ത് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. പ്രാദേശിക തലത്തിലും ദേശീയതലത്തിലും പവർ സിസ്റ്റം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും വേണ്ടി യൂണിഫൈഡ് ലോഡ് ഡെസ്പാച്ച് സ്കീം ആവിഷ്ക്കരിച്ച് നടപ്പിലാക്കി.

7. സംസ്ഥാനത്തെ ഏറ്റവും വലിയ ഊർജ്ജ സ്രോതസ്സായ ഇടുക്കി പദ്ധതിയുടെ ഡാം ഉൾക്കൊള്ളുന്ന പ്രദേശത്തിന്റെ ഭൂകമ്പ സാദ്ധ്യതയെപ്പറ്റി പഠിക്കുന്നതിനുള്ള പരിപാടികളും പത്താം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

8. വൈദ്യുതി രംഗവുമായി ബന്ധപ്പെട്ട വിവിധ ഗവേഷണ പഠനങ്ങൾ വൈദ്യുതി ബോർഡിൽ നടന്നുവരുന്നു. ഡാമുകളുടെ സുരക്ഷിതത്വം സംബന്ധിച്ച ഗവേഷണ പഠനങ്ങൾ നടത്താനും ലക്ഷ്യമിട്ടിരിക്കുന്നു.

9. ഊർജ്ജ സംരക്ഷണത്തിനും ഡിമാന്റ് സൈഡ് മാനേജ്മെന്റിനും വേണ്ട പ്രാരംഭ പണികൾ നടത്താനും ലക്ഷ്യമിട്ടിരിക്കുന്നു.

(ബി) പത്താം പദ്ധതിയുടെ ഒന്നാം വാർഷിക പദ്ധതിയിൽ 571.22 കോടി രൂപ വകയിരുത്തി. പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഉല്പാദന മേഖല :</u>

1.	ചെമ്പുകടവ് (1+2)	—	6.45 എം.ഡബ്ല്യു.
2.	മലങ്കര	—	10.5 എം. ഡബ്ല്യു
3.	ഉറുമി (1+2)	—	6.15 എം. ഡബ്ല്യു
4.	വഴിക്കടവ് ഡൈവർഷൻ	—	24 എം. യു.
5.	വടക്കേപ്പുഴ ഡൈവർഷൻ	—	12. എം. യു.

LIBRARY ARCHIVES Kerala Legislative Assembly

6. നവീകരണവും പുനരുദ്ധാരണവും :

പള്ളിവാസൽ	—	37.5 എം. ഡബ്ല്യു.
ചെങ്കുളം	—	48 എം. ഡബ്ല്യു.
പന്നിയാർ	—	30 എം. ഡബ്ല്യു

പ്രസരണ മേഖല - സബ്സ്റ്റേഷനുകൾ

1.	110 കെ. വി.	—	11 എണ്ണം
2.	66 കെ. വി.	—	5 എണ്ണം
3.	33 കെ. വി.	—	9 എണ്ണം

ലൈനുകൾ

1.	110 കെ. വി.	—	95.76 സ. കെ. എം.
2.	66 കെ. വി	—	56.05 സ. കെ. എം.
3.	33 കെ. വി	—	141.97 സ. കെ. എം.

വിതരണ മേഖല

1.	സർവ്വീസ് കണക്ഷനുകൾ	—	4,00,000 എണ്ണം
2.	11 കെ. വി. ലൈൻ	—	2000 കി.മീ.
3.	എൽ. റ്റി. ലൈൻ	—	5500 കി. മീ.
4.	ട്രാൻസ്ഫോർമർ	—	2000 എണ്ണം
5.	സ്ട്രീറ്റ് ലൈറ്റുകൾ	—	20,000 എണ്ണം

(സി) പൂർണ്ണമായും കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. കാരണങ്ങൾ ചുവടെ ചേർക്കുന്നു :

1. ചില സബ് സ്റ്റേഷനുകൾക്ക് സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുന്നതിനുള്ള താമസം.
2. ലൈൻ വലിക്കുന്നതിനുള്ള തടസ്സങ്ങൾ
3. ബോർഡിന്റെ സാമ്പത്തിക ഞെരുക്കം

(ഡി) കെ. എസ്. ഇ. ബി.-ക്ക് മൊത്തം 3425 കോടി രൂപ വകയിരുത്തി. അതിൽ ഒന്നാം വാർഷിക പദ്ധതിയിൽ 475.30 കോടി രൂപ ചെലഴിച്ചു.

അനെർട്ടിന് പത്താം പഞ്ചവത്സര പദ്ധതിയിൽ അനുവദിച്ച അടങ്കൽ തുക 70 കോടി രൂപയാണ്. 2002-2003 സാമ്പത്തിക വർഷത്തിലേക്ക് 10 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽനിന്ന് അനെർട്ടിന് അനുവദിച്ച 7.50 കോടി രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പത്താം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷമായ 2002-2003-ൽ മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ്സ് ലാബോറട്ടറിയുടെ നവീകരണത്തിനായി വകയിരുത്തിയിരുന്ന 25 ലക്ഷം രൂപയിൽ 1,72,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്ററിന് പത്താം പഞ്ചവത്സര പദ്ധതിയിൽ മൊത്തം 425 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ഒന്നാം വർഷ പദ്ധതികൾക്കായി വകയിരുത്തിയ 75 ലക്ഷം രൂപയിൽ 65 ലക്ഷം രൂപ സർക്കാർ അനുവദിക്കുകയും പദ്ധതികൾ പൂർത്തിയാക്കുന്നതിനായി 61 ലക്ഷം രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) 1101- 35 എം. ഡബ്ല്യു.

(എഫ്) ഇല്ല.

പ്രസരണ നഷ്ടം

3 (4611) ശ്രീ. മങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ 5 വർഷക്കാലത്ത് വൈദ്യുതി മേഖലയിൽ ഓരോ വർഷവുമുണ്ടായ പ്രസരണ നഷ്ടം എത്ര ശതമാനം വീതമാണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

2000-2001-നും അതിനു മുമ്പും പ്രസരണ വിതരണ നഷ്ടം കാണിച്ചത് എൽ. റ്റി. ഉപഭോക്താക്കളുടെ ഉപഭോഗം കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ സാങ്കൽപ്പികമായി നിശ്ചയിച്ചതാണ്. യഥാർത്ഥ എൽ.റ്റി. ഉപഭോഗം എത്രയെന്നുള്ള കണക്ക് ലഭ്യമായിരുന്നില്ല. മേൽ പ്രകാരം പ്രസരണ വിതരണ നഷ്ടം കണക്കാക്കുന്നത് ശരിയല്ലെന്ന് 31-3-1998-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സംബന്ധിച്ച റിപ്പോർട്ടിൽ സി.എ.ജി.-യും 1-7-2002-ലെ പബ്ലിക് അണ്ടർ ടേക്കിംഗ് റിപ്പോർട്ടിലും ചൂണ്ടിക്കാണിച്ചിരുന്നു. ഇപ്പോൾ യഥാർത്ഥ കണക്കുകൾ അനുസരിച്ചാണ് പ്രസരണ വിതരണ നഷ്ടം കണക്കാക്കുന്നത്. അതു പ്രകാരമുള്ള 2001-2002, 2002-2003-ലെ പ്രസരണ നഷ്ടം ചുവടെ ചേർക്കുന്നു.

2001-2002	2002-2003
7.64%	6.23%

കാറ്റിൽ നിന്നും വൈദ്യുതി

4 (4612) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസികളുമായി ഗവൺമെന്റ് ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly